ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ മാനദണ്ഡങ്ങൾ പ്രകാരം വൈദ്യുതിയുടെ ഉൽപ്പാദനചെലവിൽ പ്രധാനമായി രണ്ടു ഘടകങ്ങളാണുള്ളത്. പദ്ധതി നിർമ്മാണചെലവ് അടിസ്ഥാനമാക്കിയുള്ള ഫിക്സഡ് ചാർജ്ജും ഇന്ധന വിലയുടെ അടിസ്ഥാനത്തിലുള്ള വേരിയബിൾ ചാർജ്ജും.

ഫിക്സഡ് ചാർജ്ജ് തീരുമാനിക്കുന്നത് വാർഷിക തേയ്മാനം, കടത്തിൻമേലുള്ള പലിശ, ഓഹരി മൂലധനത്തിൻമേലുള്ള റിട്ടേൺ, പ്രവർത്തന മൂലധനത്തിൻമേലുള്ള പലിശ, അറ്റകുറ്റപണികൾ നടത്തുവാൻ ആവശ്യമുള്ള തുക (ഓപ്പറേഷണൽ & മെയിന്റനൻസ് എക്സ്പെൻസസ്) വിദേശ നാണ്യ വിനിമയനിരക്കിലുള്ള വ്യതിയാനം, ആദായനികുതി, ഉൽപ്പാദനക്ഷമതയ്ക്ക് അനുസൃതമായ ഇൻസെന്റീവ് എന്നിവ കണക്കിലെടുത്തുകൊണ്ടാണ്.

ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ആനുപാതികമായ ഇന്ധനചെലവും അനുബന്ധ ചെലവുകളുമാണ് താപവൈദ്യുതിയുടെ വേരിയബിൾ ചാർജ്ജ് കണക്കാക്കുന്നതിനുള്ള മാനദണ്ഡം. ജലവൈദ്യുത പദ്ധതികൾക്ക് വേരിയബിൾ ചാർജ്ജ് ഇല്ല. എന്നാൽ വൈദ്യുതി ബോർഡിന്റെ നിലവിലുള്ള താപനിലയങ്ങൾക്കും ജലവൈദ്യുത നിലയങ്ങൾക്കും ഈ തിതിയിൽ വൈദ്യുതിയുടെ വില റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടില്ല.

(ബി) ഓരോ വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയും വൈദ്യുതി നഷ്ടവും നിയമാനുസൃതമായി മുടക്ക് മുതലിന് ലഭിക്കേണ്ട ആദായവും കൂടാതെ വൈദ്യുതി ഉപഭോഗത്തിന്റെ ഉദ്ദേശ്യം, ഉപഭോക്താക്കളുടെ സാമ്പത്തിക സാമൂഹ്യ സ്ഥിതി, വിവിധ വികസന മേഖലകൾക്ക് സർക്കാർ നൽകുന്ന പ്രത്യേക പരിഗണനകൾ എന്നിവ സംബന്ധിച്ച് സർക്കാരിന്റെ നയപരിപാടികളും പരിഗണിച്ചാണ് വില നിശ്ചയിക്കുന്നത്.

(സി) ഉണ്ട്.

സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റെ പ്രവർത്തനം

10 [*214] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. കെ. രാധാകൃഷ്ണൻ :

,, എ. കെ. ബാലൻ :

,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ അദ്ധ്യക്ഷൻമാരുടെയും അംഗങ്ങളുടെയും ഒഴിവുകൾ കാലാകാലങ്ങളിൽ നികത്താത്തതുകാരണം പ്രസ്തുത സ്ഥാപനങ്ങൾകൊണ്ടുള്ള പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) പ്രസ്തുത ഫോറങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ അവശേഷിക്കുന്ന പരാതികൾ എത്രയുണ്ടെന്നും അവ തീർപ്പാക്കുവാൻ സമയബന്ധിത നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെയും ജില്ലാഫോറങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ താഴെ പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

(1) നിയമകാര്യങ്ങളിൽ സംസ്ഥാന കമ്മീഷനെ സഹായിക്കാൻ ഹൈക്കോടതിയിൽ നിന്നും കോർട്ട് ഓഫീസറുടെ സേവനം ലഭ്യമാക്കി.

(2) കേസ്സുകളുടെ വർദ്ധന കണക്കിലെടുത്ത് എല്ലാ മേഖലയിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര നിയമത്തിലെ വകുപ്പുകൾ പ്രകാരം സംസ്ഥാന കമ്മീഷന്റെ അഡീഷണൽ ബെഞ്ചുകൾ സ്ഥാപിക്കുന്നതിനും കേരള ഉപഭോക്തൃ ചട്ടങ്ങളിൽ ഭേദഗതി വരുത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(3) കമ്മീഷനിലേയും ഫോറങ്ങളിലേയും ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(4) അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യംവച്ച് ഫോറങ്ങൾക്കും കമ്മീഷനും സ്വന്തം കെട്ടിടം നിർമ്മിക്കുക എന്ന തീരുമാനം നടപ്പാക്കിവരുന്നു. സംസ്ഥാന കമ്മീഷനും ജില്ലാ ഫോറത്തിനും തിരുവനന്തപുരത്തും കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗിനും ജില്ലാഫോറത്തിനും എറണാകുളത്തും, ഇടുക്കിയിൽ ജില്ലാ ഫോറത്തിനും സ്വന്തം കെട്ടിടങ്ങൾ നിർമ്മിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് ജില്ലാഫോറങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ഫോറങ്ങൾക്ക് ജില്ലാ കളക്ടറേറ്റുകളിൽ അനുയോജ്യമായ സ്ഥലസൗകര്യം ഒരുക്കി.

(5) കമ്മീഷന്റേയും ഫോറങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ ഫർണീച്ചർ, ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടറുകൾ, നിയമപുസ്തകങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(6) ഫോറങ്ങളുടേയും കമ്മീഷന്റേയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കമ്പ്യൂട്ടർ വൽക്കരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കി.

(7) ഇന്റർനെറ്റ്, ഫാക്സ്, മറ്റ് ഇലക്ട്രോണിക്സ് സൗകര്യങ്ങൾ എന്നിവയ്ക്ക് പ്രത്യേക പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്.

(ബി) ആന്റ് (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന കമ്മീഷനിൽ ഒരംഗത്തിന്റേയും, ജില്ലാഫോറങ്ങളിൽ മൂന്ന് പ്രസിഡന്റുമാരുടേയും, അഞ്ച് അംഗങ്ങളുടേയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാന കമ്മീഷനിലും ജില്ലാഫോറങ്ങളിലും കാലാകാലങ്ങളിൽ വരുന്ന ഒഴിവുകൾ യഥാസമയം നികത്തു

LIBRARY ARCHIVES Kerala Legislative Assembly